# കാലിഡോസ്

## പ്രതിമാസവാർത്താക്കുറിപ്പ്

**അമല കോളേജ് ഓഫ് നഴ്സിംഗ് (SNA യൂണിറ്റ് )**

പുസ്തകം: 4 | ലക്കം: 11 | മാസം: നവംബർ 2025

Amala
COLLEGE OF NURSING
ACCREDITED BY NAAC WITH A GRADE

# കാലിഡോസ്

## പ്രതിമാസവാർത്താക്കുറിപ്പ്

**അമല കോളേജ് ഓഫ് നഴ്സിംഗ് (SNA യൂണിറ്റ് )**

പുസ്തകം: 4 | ലക്കം: 11 | മാസം: നവംബർ 2025




## ഈ മാസത്തെ പ്രധാനപ്രവർത്തനങ്ങൾ

- കേരളപിറവി
- ദേശീയ കാൻസർ അവബോധ ദിനം
- ലോക ന്യുമോണിയ ദിനം
- ശിശു ദിനവും ലോക പ്രമേഹ ദിനവും
- ലോക ഗർഭാശയമുഖ അർബുദ നിർമ്മാർജ്ജന ദിനം
- സ്ത്രീകൾക്കെതിരായ അതിക്രമ നിർമ്മാർജ്ജനത്തിനായുള്ള അന്താരാഷ്ട്ര ദിനം
- ഭരണഘടനാ ദിനം
- ദേശീയ ഐക്യ ദിനം
- ലോക പോളിയോ ദിനം
- അമലയിലെ ഫോറെൻസിക് നഴ്സിംഗ് സിമ്പോസിയം
- നഴ്സിങ്ങിലെ എ ഐ സാധ്യതകൾ മാർഗ്ഗനിർദ്ദേശങ്ങൾ
- പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിംഗ് സാധ്യതകളെ കുറിച്ച് തൊഴിൽ മാർഗ്ഗനിർദ്ദേശയോഗം
- അദ്ധ്യാപക സൂചിക
- ഗവേഷണവിഭാഗ പ്രവർത്തനങ്ങൾ
- QAS നിലവാര സൂചിക
- പി കെ ദാസ് കോളേജ് ഓഫ് നഴ്സിംഗ് പുതിയ ബാച്ച് ഉത്ഘാടനം
- K. U. H. S. സംഘടിപ്പിച്ച ഷടഇള ശില്പശാല
- മെഡെക്സ് നഴ്സിംഗ് പ്രവർത്തനം
- പരിസ്ഥിതി സുസ്ഥിരതയെ കുറിച്ചുള്ള ആഡ് ഓൺ കോഴ്സ്
- YIP ജില്ലാതല മൂല്യനിർണ്ണയം
- ശിശു ആരോഗ്യ നഴ്സിംഗ് വകുപ്പിന്റെ ആഡ്ഓൺ കോഴ്സ്
- പഠനമികവ്
- ജില്ലാതല പ്രസംഗമത്സര വിജയികൾ
- എസ്. എൻ. എ. ഐ ദേശീയ സമ്മേളനത്തിലെ വ്യക്തിത്വ മത്സരത്തിലെ വിജയം
- സംവാദ് മഞ്ചിക

## ഈ മാസത്തെ പ്രധാനപ്രവർത്തന വാർത്തകൾ അവതരിപ്പിച്ചത്



**ശ്രീമതി. നിമ്മി പി. എസ്**
അസോസിയേറ്റ് പ്രൊഫസർ
ശിശു ആരോഗ്യ നഴ്സിംഗ് വിഭാഗം
(സ്റ്റാഫ് എഡിറ്റർ)



**ക്രിസ്റ്റീന സുനിൽ**
(2024 ബാച്ച്)



**ജെയിൻ ജോൺസൺ**
(2024 ബാച്ച്)



**അപർണ. പി**
(2022 ബാച്ച്)
(സ്റ്റുഡന്റ് എഡിറ്റർ)

## പരിഭാഷ



**ഡേവിസ്. കെ. ഒ.**
ലൈബ്രറിയൻ
അമല നഴ്സിംഗ് കോളേജ്

## ഞങ്ങളുടെ ടീം അംഗങ്ങൾ



**അഖില ബെന്നി**
(2022 ബാച്ച്)



**ക്രിസ്റ്റ ഗ്രേസ് ഷാജു**
(2023 ബാച്ച്)



**ഹുദ. എൻ. എം.**
(2023 ബാച്ച്)




## ഈ മാസത്തെ പരിപാടികൾ


# ഈ മാസത്തെ പ്രധാനപ്രവർത്തനങ്ങൾ

അമല നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥി നഴ്സുമാരുടെ സംഘടന (SNA) യും ആന്തരിക ഗുണനിലവാര സംവിധാന ഘടകവും (IQAC) സഹകരിച്ച് കേരള പിറവി ദിനം ആഘോഷിച്ചു. നമ്മുടെ മാതൃഭാഷയുടെ ഉത്ഭവവും അതിന്റെ പ്രാധാന്യ ബോധവൽക്കരണവും ആയിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾ സംഘടിപ്പിച്ച ഈ പരിപാടി മലയാളത്തനിമയുള്ളതായിരുന്നു.
കേരളത്തിന്റെ ഉത്ഭവം, ചരിത്രം, മാതൃഭാഷാ സ്വാധീനം എന്നിവയുടെ വിഷയവതരണം കുമാരി രാജലക്ഷ്മി അവതരിപ്പിച്ചു.മലയാളഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനു വേണ്ടി മലയാളം കേട്ടെഴുത്ത് മത്സരം, മലയാളം വായനാ മത്സരം എന്നിവ കോളേജ് ലൈബ്രറിയിൽ വെച്ച് നടത്തി. മാതൃഭാഷയിലുള്ള വാക്കുകളും മലയാളത്തനിമ നിറഞ്ഞ വായനയും വിദ്യാർത്ഥികൾക്ക് മാതൃഭാഷയിലുള്ള പ്രാവീണ്യവും ഭാഷസ്നേഹവും പരിശോധിക്കാനും തിരിച്ചറിവ് നൽകാനും അവസരം നൽകി.




# ദേശീയ
# അർബുദ അവബോധ ദിനം

അമല നഴ്സിംഗ് കോളേജിലെ മൂന്നാം സെമസ്റ്റർ  നഴ്സിംഗ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിദ്യാർത്ഥി നേഴ്സ് സംഘടനയും (SNA) കോളേജിലെ ആന്തരിക ഗുണനിലവാരസംവിധാന ഘടകവും (IQAC) മുതിർന്നവരുടെ ആരോഗ്യ നഴ്സിംഗ് വകുപ്പും സഹകരിച്ച് 2025 നവംബർ 7ന് ദേശീയ അർബുദ അവബോധദിനം ആഘോഷിച്ചു. അർബുദ അവബോധത്തിന്റെ പ്രാധാന്യത്തെ കുറിച്ചും അറിവ് പകരുന്ന വിഷയവതരണം ഈ പരിപാടിയുടെ തുടക്കത്തിൽ കുമാരി എൽസ ഷിബു അവതരിപ്പിച്ചു. വിദ്യാർത്ഥികളിലും അധ്യാപകരിലും പൊതുജനങ്ങളിലും അർബുദത്തെ പറ്റിയുള്ള അറിവ് നൽകുന്നതിനും ചികിത്സയുടെ പ്രാധാന്യത്തെ പറ്റി അവബോധം ഉണ്ടാക്കുന്നതിനും ഇത്തരം ആഘോഷങ്ങൾ വളരെ ഫലപ്രദമായിരുന്നു. ആഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ഇപോസ്റ്റർ മത്സരവും സംഘടിപ്പിച്ചിരുന്നു.





# ലോക ന്യുമോണിയ ദിനം

അമല നേഴ്സിങ് കോളേജിലെ വിദ്യാർത്ഥി നേഴ്സുമാരുടെ സംഘടനയും (SNA) ആന്തരിക ഗുണനിലവാര സംവിധാന ഘടകവും (IQAC) മുതിർന്നവരുടെ നേഴ്സിങ് ആരോഗ്യവകുപ്പും സഹകരിച്ച് കോളേജിലെ മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾ 2025 നവംബർ 12ന് ലോകോണിയ ദിനം ആഘോഷിച്ചു. ന്യുമോണിയയുടെ പ്രാധാന്യം സമൂഹത്തിൽ അറിയിക്കുന്നതിനും ചികിത്സയുടെ ആവശ്യകത സമൂഹം അറിയുന്നതിനും ഈ ആഘോഷ പരിപാടികൾ സഹായകമായിരുന്നു. ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് കുമാരി ആൻ മേരി ഷാജു വിഷയാവതരണം നടത്തി. ന്യൂമോണിയ തടയുന്നതിനുള്ള മുൻകരുതലുകളും സുരക്ഷാ മാർഗങ്ങളും വിശദീകരിക്കുകയും പൊതുജനങ്ങൾക്കിടയിൽ ന്യുമോണിയ സമയബന്ധിതമായി കണ്ടെത്തുന്നതിനും ചികിത്സയും അതിനോടനുബന്ധിച്ചുള്ള അവബോധം വർദ്ധിപ്പിക്കാനും ഈ ദിനാചരണം കൊണ്ട് സാധിച്ചിട്ടുണ്ട്.





# ശിശുദിനവും ലോക പ്രമേഹ ദിനവും

ശിശുദിനവും ലോക പ്രമേഹ ദിനവും അമല നഴ്സിംഗ് കോളേജിൽ നവംബർ 24ന് സമുചിതമായി ആഘോഷിച്ചു. ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികളും കോളേജിലെ ശിശുആരോഗ്യ നഴ്സിംഗ് വിഭാഗവും മുതിർന്നവരുടെ ആരോഗ്യ വിഭാഗവും ആന്തരിക ഗുണനിലവാരസംവിധാന ഘടകവും (IQAC) സംയുക്തമായാണ് ഈ ദിവസം ആഘോഷിച്ചത്. ശിശുക്ഷേമം ലക്ഷ്യം വെച്ച് കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അതുപോലെതന്നെ എല്ലാ പ്രായക്കാരിലും പ്രമേഹത്തെ പറ്റി കൂടുതൽ അറിവ് പകരുവാനും പരിഹാരം, പ്രതിരോധവും എന്നിവ വഴി എങ്ങനെ ശാരീരിക ആരോഗ്യം കൈവരിക്കാൻ സാധിക്കുമെന്നും ഈ ആഘോഷങ്ങൾ വഴി എല്ലാവർക്കും മനസ്സിലാക്കാൻ സഹായകരമായി. കുമാരി ആര്യ എസ് ആയിരുന്നു രാവിലെ എട്ടുമണിക്ക് "എല്ലാ കുട്ടികൾക്കും എല്ലാ അവകാശവും" എന്ന വിഷയത്തെ പറ്റി സംസാരിച്ചു . കുട്ടികളുടെ ആരോഗ്യം, അവകാശങ്ങൾ, സാമൂഹ്യപങ്കാളിത്തം എന്നീ വിഷയങ്ങൾ ഈ ക്ലാസ്സിൽ അവതരിപ്പിച്ചു. ജീവിതശൈലി രോഗങ്ങളെ പറ്റി പ്രചാരണം നടത്തുകയും ഉച്ചയ്ക്ക് ഒരുമണിക്ക് വിദ്യാർഥികൾ അമല അങ്കണത്തിൽ പ്രമേഹ അവബോധപ്രചാരണത്തിന്റെ ഭാഗമായി ഫ്ളാഷ് മോബ് അവതരിപ്പിക്കുകയും ചെയ്തു.




# ലോക ഗർഭാശയമുഖ അർബുദ നിർമ്മാർജ്ജന ദിനം

അമല നഴ്സിംഗ് കോളേജിലെ സ്ത്രീരോഗ & പ്രസവ ചികിത്സ വകുപ്പും ആന്തരിക ഗുണനിലവാര സംവിധാന ഘടകവും സഹകരിച്ച് 2025 നവംബർ 17 ന് ഗർഭാശയമുഖ അർബുദ നിർമാർജന ദിനം സമുചിതമായ ആഘോഷിച്ചു. നഴ്സിംഗ് കോളജിലെ അഞ്ചാം സെമസ്റ്റർ ബി.എസ്.സി നഴ്സിങ് വിദ്യാർഥികൾ സംഘടിപ്പിച്ച പരിപാടി ഗർഭാശയമുഖ അർബുദം തടയാനുള്ള മാർഗങ്ങൾ, സമയബന്ധിതമായി കണ്ടെത്തൽ, സമൂഹത്തിൽ അവബോധം ഉണ്ടാക്കൽ എന്നിവയെ പറ്റി കൂടുതൽ സംസാരിച്ചു. രാവിലെ എട്ടുമണിക്ക് നിവയ് ഡേവിസ് വിഷയാവതരണം നടത്തി. "ഇപ്പോൾ പ്രവർത്തിക്കുക ഗർഭാശയമുഖ അർബുദം ഇല്ലാതാക്കുക" എന്നതായിരുന്നു അവതരിപ്പിച്ച വിഷയം. പരിശോധന, രോഗനിർണയം എന്നീ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും, 30 വയസ്സിന് മുകളിലുള്ള സ്ത്രീകളിൽ രോഗപരിശോധന, രോഗനിർണയം, അപകടം കുറയ്ക്കുവാനുള്ള ജീവിതശൈലി മാറ്റങ്ങൾ, എച്ച്. പി. വി കുത്തിവെപ്പുമായുള്ള അറിവുകൾ പൊതുജനങ്ങളെ അറിയിക്കാനും പരിപാടിക്ക് സാധിച്ചു. അതുപോലെ തന്നെ അർബുദം വന്നവരുടെ കൂട്ടായ്മ, അവരുടെ സഹാനുഭൂതി, ധൈര്യം എന്നിവ പകരാനും ഈ പരിപാടിയിൽ ലക്ഷ്യം വച്ചിരുന്നു. 10:30ന് സ്ത്രീ രോഗ വിഭാഗ ഛജഉ ഇൽ വച്ച് റോൾ പ്ലേ യും ആരോഗ്യ വിദ്യാഭ്യാസ യോഗവും ഉം സംഘടിപ്പുച്ചിരുന്നു.




# സ്ത്രീകൾക്കെതിരായുള്ള അതിക്രമ നിർമ്മാർജ്ജന ദിനം

SNA യൂണിറ്റും IQAC ഉം അഡൾട്ട് ഹെൽത്ത് നഴ്സിംഗ് വകുപ്പും സഹകരിച്ച് നവംബർ 25-ന് സ്ത്രീകൾക്കെതിരായുള്ള അതിക്രമനിർമ്മാർജന അന്താരാഷ്ട്ര ദിനം ആഘോഷിച്ചു. മൂന്നാം സെമസ്റ്റർ ബി എസ് സി നഴ്സിങ് വിദ്യാർത്ഥികൾ സംഘടിപ്പിച്ച ഈ പരിപാടിയുടെ പ്രഥമലക്ഷ്യം ലിംഗപരമായി അതിക്രമങ്ങളെ കുറിച്ച് അല്ലെങ്കിൽ ശാരീരികമായ അതിക്രമങ്ങൾ, മാനസികമായുള്ള അതിക്രമങ്ങൾ, സാമ്പത്തികമായി അതിക്രമങ്ങൾ, ഉൾപ്പെടെയുള്ള കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അതിക്രമങ്ങൾ തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു. കുമാരി ക്രിസ്റ്റീന സുനിൽ നടത്തിയ വിഷയാവതരണം, വിദ്യാർത്ഥികളിലും അധ്യാപകരിലും പൊതുജനങ്ങളിലും സ്ത്രീകളെ ബഹുമാനിക്കുന്നതിനും അവരെ ശക്തിപ്പെടുത്തുന്നതിനും അവർക്കെതിരായുള്ള അതിക്രമങ്ങളെ തടയുവാൻ ആവശ്യമായ അവബോധം വർദ്ധിപ്പിക്കാൻ സഹായകമായി.





# ഇന്ത്യൻ ഭരണഘടനാ ദിനം

SNA യും IQAC യും സഹകരിച്ച് മൂന്നാം സെമസ്റ്റർ ബി. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇന്ത്യൻ ഭരണഘടനാ ദിനം ആഘോഷിച്ചു. കുമാരി ഗായത്രി ആർ. നടത്തിയ വിഷയാവതരണത്തിൽ ഇന്ത്യൻ ഭരണഘടന സംരക്ഷണത്തിന്റെ പ്രാധാന്യവും അവബോധവും വിദ്യാർത്ഥികളിലും അധ്യാപകരിലും എത്തിക്കാൻ സഹായകമായി.




# ലോക പ്രമേഹ ദിനം

അമല നഴ്സിംഗ് കോളേജിലെ ബി. എസ്. സി നഴ്സിംഗ് അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ മുതിർന്നവരുടെ ആരോഗ്യവകുപ്പും ആന്തരിക ഗുണനിലവാര സംവിധാന ഘടകവും (IQAC) യും എൻഎസ്എസ് യൂണിറ്റുമായി സഹകരിച്ച് ലോക പ്രമേഹ ദിനം ആഘോഷിച്ചു. എല്ലാ പ്രായക്കാർക്കും ഇടയിൽ പ്രമേഹം തടയുന്നതിനും നിയന്ത്രിക്കുന്നതിനും അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം. ആഘോഷത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ആരോഗ്യ പ്രോത്സാഹന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഉച്ചയ്ക്ക് ഒരുമണിക്ക് നഴ്സിംഗ് കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ളാഷ് മോബ് പ്രമേഹ ബോധവൽക്കരണവുമായി ബന്ധപ്പെട്ട പ്രധാന സന്ദേശങ്ങൾ നൂതനമായ രീതിയിൽ ഫലപ്രദമായി കൈമാറി. നഴ്സിംഗ് കോളേജിൽ അധ്യാപകർ, വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ഈ പരിപാടിയിൽ NSS സന്നദ്ധപ്രവർത്തകരുടെ ശ്രമങ്ങൾ വ്യാപകമായി പ്രശംസിക്കപ്പെട്ടു. ഇത് ലോക പ്രമേഹ ദിനാഘോഷത്തെ അർത്ഥവത്തായതും ഫലപ്രദവും ആക്കി.




# ദേശീയ ഐക്യദിനം ആഘോഷിച്ചു

അമല നഴ്സിംഗ് കോളേജ് വിദ്യാർത്ഥികൾ നവംബർ 31-ന് ദേശീയ ഐക്യ ദിനം ആഘോഷിച്ചു.ഐക്യം, സമഗ്രത, എന്നിവ ഉയർത്തിക്കാട്ടുന്ന സന്ദേശങ്ങൾ വിദ്യാർത്ഥികൾ കൈമാറി. പരിപാടി ദേശീയ ഏകീകരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ഐക്യത്തിന്റെയും ദേശസ്നേഹത്തിന്റെയും മനോഭാവം ഉയർത്തിപ്പിടിക്കാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുകയും ചെയ്തു.




# ലോക പോളിയോ ദിനം ആഘോഷിച്ചു

പോളിയോ നിർമാർജനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി അമല നഴ്സിംഗ് കോളേജിലെ സന്ദേശങ്ങൾ അവതരിപ്പിച്ചു. രോഗപ്രതിരോധം, പ്രതിരോധ തന്ത്രങ്ങൾ, പോളിയോ രഹിത ലോകത്തിനായുള്ള ആഗോള ശ്രമങ്ങൾ എന്നിവയുടെ പ്രാധാന്യം എടുത്തുകാണിക്കുന്ന വിവരദായക പ്രമേയങ്ങളും സൃഷ്ടിപരമായ പോസ്റ്ററുകളും അവതരിപ്പിച്ച് വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു. പരിപാടി വിദ്യാർത്ഥികളിൽ അവബോധം വർദ്ധിപ്പിക്കുകയും പോളിയോ നിർമാർജന സംരംഭങ്ങളെ പിന്തുണയ്ക്കാനുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുകയും ചെയ്തു.



# പരിസ്ഥിതി സുസ്ഥിരതയെക്കുറിച്ചുള്ള ശില്പശാല

അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സുസ്ഥിരതയെക്കുറിച്ചുള്ള ഒരു ശില്പശാല നവംബർ 20-ന് നടത്തി. സുസ്ഥിര സമ്പ്രദായങ്ങൾ, സംരക്ഷണം, വ്യക്തിപരമായ ജീവിതത്തിൽ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിൽ സെഷൻ ശ്രദ്ധ കേന്ദ്രീകരിച്ചു.



# ശിശു ആരോഗ്യ നഴ്സിംഗ് വകുപ്പിന്റെ ശില്പശാല

ശിശു ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട അറിവും വൈദഗ്ധ്യവും വർദ്ധിപ്പിക്കുന്നതിനായി ശിശു ആരോഗ്യ നഴ്സിംഗ് വകുപ്പ് അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്കായി നവംബർ 19-ന് ഒരു ശില്പശാല നടത്തി. പ്രായോഗിക ധാരണ ശക്തിപ്പെടുത്തുന്നതിലും കുട്ടികൾക്കുള്ള സമഗ്ര പരിചരണ സമീപനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും യോഗം ശ്രദ്ധ കേന്ദ്രീകരിച്ചു. വിദ്യാർത്ഥികളുടെ പഠന, തൊഴിൽ വികസനത്തിന് സംഭാവന ചെയ്യുന്ന ഈ യോഗം വിവരദായകവും പ്രയോജനകരവുമായിരുന്നു.



# അമലയിൽ ഫോറൻസിക് നേഴ്സിങ് ദേശീയ ശില്പശാല

അമല മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗവും നേഴ്സിംഗ് കോളേജും സംയുക്തമായി ഫോറൻസിക് നഴ്സിങ്ങിനെ കുറിച്ച് നടത്തിയ ദേശീയ ശില്പശാലയുടെ ഉദ്ഘാടനം ഇന്ത്യൻ റിസർച്ച് ബെറ്റാലിയൻ കമാൻഡന്റ് പി. വാഹിദ് ഐ. പി. എസ് നിർവഹിച്ചു. അമല ഡയറക്ടർ ഫാ. ജൂലിയസ് അറക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ.ആന്റണി മണ്ണുമ്മേൽ,പ്രിൻസിപ്പൽ ഡോ. ബെറ്റ്സി തോമസ്, ഫോറൻസിക് മേധാവി ഡോ. പ്രിൻസ് എം പോൾ, കോളേജ് ഓഫ് നേഴ്സിങ് പ്രിൻസിപ്പൽ ഡോ. രാജീ രഘുനാഥ്, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ ലിത ലിസ്ബത്ത് എന്നിവർ പ്രസംഗിച്ചു. ക്ലിനിക്കൽ ഫോറൻസിക് മെഡിസിൻ ശാഖ ഉദ്ഘാടനം നടത്തി. കേരളത്തിലെ വിവിധ നേഴ്സിങ് കോളേജിലെ വിദ്യാർത്ഥികൾ പങ്കെടുത്തു.



# നഴ്സിംഗ് മേഖലയിലെ നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ എന്ന വിഷയത്തിൽ ശില്പശാല

2025 നവംബർ 17 ന് "നഴ്സിംഗ് മേഖലയിലെ നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ" എന്ന വിഷയത്തിൽ കഝഅഉ ഒരു ശില്പശാല നടത്തി. മികച്ച ആരോഗ്യ സംരക്ഷണത്തിനായി നഴ്സുമാരെ ശാക്തീകരിക്കുക എന്നതായിരുന്നു രോഗത്തിന്റെ ലക്ഷ്യം.

ഈസ്റ്റ് ലണ്ടൻ സർവകലാശാലയിലെ വിദഗ്ധ പ്രഭാഷകനായ ഡോ. ഹെഫ്സിബ സാമുവൽ നഴ്സിംഗ് പരിശീലനത്തിൽ നിർമ്മിത ബുദ്ധിയുടെ വർദ്ധിച്ചുവരുന്ന പങ്കിനെക്കുറിച്ച് ഉൾക്കാഴ്ചയുള്ള ഒരു പ്രഭാഷണം നടത്തി. രോഗികളുടെ പരിചരണം, തീരുമാനമെടുക്കൽ, രേഖപ്പെടുത്തൽ, ജോലിഭാരം കുറയ്ക്കൽ എന്നിവയിൽ അതിന്റെ പ്രയോഗങ്ങൾ അവർ എടുത്തുപറഞ്ഞു.

അധ്യാപകരും നഴ്സിംഗ് വിദ്യാർത്ഥികളും സജീവമായി പങ്കെടുത്തു,നിർമ്മിത ബുദ്ധിയുടെ യുടെ ഭാവി വ്യാപ്തിയെക്കുറിച്ചും നഴ്സിംഗ് തൊഴിലിലെ സാങ്കേതികവിദ്യയുടെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടു.

സാങ്കേതികവിദ്യയെ നഴ്സിംഗുമായി സംയോജിപ്പിക്കുന്നതിനെക്കുറിച്ചുള്ള അവബോധം യോഗം കൊണ്ട് വർദ്ധിപ്പിക്കുകയും ആരോഗ്യസംരക്ഷണത്തിൽ പുതുമകൾ സ്വീകരിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



# പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിംഗ് സാധ്യതകളെകുറിച്ച് തൊഴിൽ മാർഗ്ഗനിർദ്ദേശയോഗം

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ തൊഴിൽ അവസരങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു മാർഗ്ഗനിർദ്ദേശ യോഗം നവംബർ 21-ന് നടന്നു. വിവിധ മിഡിൽ ഈസ്റ്റേൺ ഹെൽത്ത് കെയർ ക്രമീകരണങ്ങളിലുടനീളമുള്ള നിലവിലെ തൊഴിൽ സാധ്യതകൾ, നിയമനമാർഗ്ഗം, തൊഴിൽ ആവശ്യകതകൾ എന്നിവയെക്കുറിച്ച് നഴ്സിംഗ് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകുകയായിരുന്നു യോഗം ലക്ഷ്യം.

യുഎഇ, ഖത്തർ, സൗദി അറേബ്യ, ഒമാൻ തുടങ്ങിയ രാജ്യങ്ങളിലെ അവശ്യ യോഗ്യതകൾ, അംഗീകാര നടപടിക്രമങ്ങൾ, ജോലിസ്ഥലത്തെ പ്രതീക്ഷകൾ എന്നിവ വിശദീകരിച്ചു. അഭിമുഖത്തിനുള്ള തയ്യാറെടുപ്പ്, കരാർ നിബന്ധനകൾ പ്രാധാന്യം എന്നിവയെക്കുറിച്ചും വിദ്യാർത്ഥികളെ അറിയിച്ചു.

ആശയവിനിമയ സെഷൻ വിദ്യാർത്ഥികളെ സംശയങ്ങൾ വ്യക്തമാക്കാനും വിജയകരമായ അന്താരാഷ്ട്ര കരിയർ കെട്ടിപ്പടുക്കുന്നതിന് പ്രായോഗിക ഉൾക്കാഴ്ച നേടാനും പ്രാപ്തമാക്കി. ആത്മവിശ്വാസത്തോടെ ആഗോള അവസരങ്ങൾ നേടിയെടുക്കാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിച്ചുകൊണ്ട് അനുകൂലമായ പ്രതികരണത്തോടെയാണ് പരിപാടി സമാപിച്ചത്.




## ഈ മാസത്തെ പ്രധാന നേട്ടങ്ങൾ

# എസ്. എൻ എ. ഐ. ദേശീയസമ്മേളനം വ്യക്തിത്വമത്സരത്തിൽ അഭിമാനകരമായ നേട്ടം

ഇന്ത്യൻ വിദ്യാർത്ഥി നഴ്സുമാരുടെ ദേശീയ സമ്മേളനം പൂനെയിലെ ലോക സമാധാന ഡോമിൽ വച്ച് നടന്നു. സമ്മേളനത്തിന്റെ ഭാഗമായി നടന്ന ദേശീയ വ്യക്തിത്വ മത്സരത്തിൽ കുമാരി അയന ബേബി ഒന്നാം സ്ഥാനം നേടി. അമല നഴ്സിംഗ് കോളേജിനെ പ്രതിനിധീകരിച്ചു നേടിയ ഈ നേട്ടം വിദ്യാർത്ഥികളിൽ വളർത്തിയെടുത്ത മികവും,സമഗ്രവികസനവും, അസാധാരണമായ ആത്മവിശ്വാസവും ആശയവിനിമയ വൈധഗ്ധ്യവും, പ്രൊഫഷണലിസവും പ്രതിഫലിപ്പിക്കുന്നതും ആയിരുന്നു.ഈ ശ്രദ്ധേയമായ നേട്ടത്തിലൂടെ കോളേജിന് ബഹുമാനം നൽകിയതിനും സമപ്രായക്കാരെ പ്രചോധിപ്പിച്ചതിനും അമല നഴ്സിംഗ് കോളേജ്, കുമാരി അയന ബേബിയെ അഭിമാനത്തോടെ അഭിനന്ദിക്കുന്നു.




# "മെഡെക്സി"ൽ നഴ്സിംഗ് കോളേജിന്റെ മികവാർന്നപകടം പ്രകടനം

അമലയിൽ സംഘടിപ്പിച്ച "മെഡക്സ്" മെഡിക്കൽ പ്രദർശനത്തിൽ നഴ്സിംഗ് കോളേജ് മികച്ചതും വിജ്ഞാനപ്രദവുമായ ഒരു പ്രദർശനശാല പ്രദർശിപ്പിച്ചു. അതിന്റെ സർഗാത്മകതക്കും അക്കാദമിക് പ്രസക്തിക്കും സന്ദർശകരിൽ നിന്ന് അഭിനന്ദനം ലഭിച്ചു. വിജയകരമായ അവതരണം വിദ്യാർത്ഥികളുടെ അർപ്പണബോധവും ഉത്സാഹവും പ്രതിഫലിപ്പിച്ചു.

ശ്രീമതി റിനു ഡേവിഡിന്റെയും അവരുടെ പ്രതിബദ്ധതയുള്ള കൂട്ടായ്മയുടെയും സമർത്ഥമായ മാർഗ്ഗനിർദ്ദേശത്തിൽ, പ്രദർശനശാലയെ ശ്രദ്ധേയമായ ഒരു പ്രദർശനമാക്കി മാറ്റാൻ വിദ്യാർത്ഥികൾ അക്ഷീണം പ്രയത്നിച്ചു. അവരുടെ കൂട്ടായ പ്രയത്നം സ്ഥാപനം ഉയർത്തിപ്പിടിച്ച സംയുക്ത കൂട്ടായ്മ, നൂതനത്വം, മികവ് എന്നിവയുടെ മനോഭാവം ഉയർത്തിക്കാട്ടി.




# ജില്ലാതല പ്രസംഗമത്സരത്തിൽ അഭിമാനകരമായ നേട്ടം

തൃശ്ശൂർ ജില്ലാ കളക്ടറുടെ ഓഫീസ് സംഘടിപ്പിച്ച ജില്ലാതല പ്രസംഗ മത്സരത്തിൽ മികവ് പുലർത്തി നമ്മുടെ വിദ്യാർത്ഥികൾ സ്ഥാപനത്തിന് കീർത്തി നേടിക്കൊടുത്തു. കലയും ശാസ്ത്രവും, നിയമം, എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ 35 കോളേജുകളിൽ നിന്നുള്ള പങ്കാളിത്തത്തിന് മത്സരം സാക്ഷ്യം വഹിച്ചു.

അയാന ബേബി (2021 ബാച്ച്) ഒന്നാം സമ്മാനവും ക്രിസ്റ്റ ഗ്രേസ് (2023 ബാച്ച്) രണ്ടാം സമ്മാനവും നേടി. വിജയികളെ ജില്ലാ കളക്ടർ സമ്മാനതുകകൾ നൽകി ആദരിച്ചു.

വിജയികളെ സ്ഥാപനം അഭിമാനത്തോടെ അഭിനന്ദിക്കുകയും പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും ആവേശകരമായ പങ്കാളിത്തത്തിനും മികച്ച പ്രകടനത്തിനും അഭിനന്ദിക്കുകയും ചെയ്യുന്നു.



# പഠനമികവ്–2021
# ബി.എസ്.സി. നഴ്സിംഗ് ബാച്ച്

2021ലെ ബി.എസ്.സി. നഴ്സിംഗ് ബാച്ച് ഏഴാം സെമസ്റ്റർ സർവകലാശാല പരീക്ഷയിൽ 100% വിജയഫലം കൈവരിച്ചു. ഇതിൽ ഒൻപത് വിദ്യാർത്ഥികൾ ഡിസ്റ്റിങ്ക്ഷനോടെ വിജയിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ കഠിനാധ്വാനവും അധ്യാപകരുടെ സമർപ്പിതമായ പിന്തുണയും ഈ ഉജ്ജ്വല വിജയം പ്രതിഫലിപ്പിക്കുന്നു. ഈ അഭിനന്ദനാർഹമായ നേട്ടത്തിന് സ്ഥാപനത്തിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

# ഡിസ്റ്റിങ്ക്ഷൻ



കാവ്യ നാഥ്



അയന ബേബി



എസ്തർ ബിജു



ദർശന ഷാജി



ഹർഷ പി. ജിജി



നേഹ നിജി



ഫെബിന എ.



നിമിഷ പി.



കൽപ എസ്.



# 100% വിജയം–എം.എസ്.സി. നഴ്സിംഗ് (2023 ബാച്ച്)

എം.എസ്.സി. നഴ്സിംഗ് 2023 ബാച്ച് സർവകലാശാല പരീക്ഷകളിൽ 100% വിജയഫലം കൈവരിച്ചതായി അമല കോളേജ് ഓഫ് നഴ്സിംഗ് അഭിമാനത്തോടെ രേഖപ്പെടുത്തുന്നു. വിദ്യാർത്ഥികളുടെ കഠിനാധ്വാനവും അധ്യാപകരുടെ സമർപ്പിതമായ മാർഗനിർദേശവും ഈ നേട്ടത്തിൽ പ്രതിഫലിക്കുന്നു. വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപനത്തിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും തുടർന്നുള്ള വിജയാശംസകളും.



അദ്ധ്യാപക പ്രവർത്തനങ്ങൾ

# QAS പരിശോധന നടത്തി

പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അത് നിലനിർത്തുന്നതിനും നിരന്തരമായ ശ്രമങ്ങളുടെ ഭാഗമായി നവംബർ 5-ന് കോളേജിൽ ക്വാളിറ്റി അഷ്വറൻസ് സിസ്റ്റം (ക്യു. എ. എസ്) പരിശോധന വിജയകരമായി നടത്തി. പഠന പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപക പ്രകടനം, വിദ്യാർത്ഥി പിന്തുണാ സേവനങ്ങൾ, രേഖകൾ എന്നിവയുൾപ്പെടെയുള്ള പ്രധാന വശങ്ങൾ പരിശോധനാ സംഘം അവലോകനം ചെയ്തു.

മൂല്യനിർണ്ണയത്തിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കിക്കൊണ്ട് അദ്ധ്യാപക അംഗങ്ങളും ഭരണാംഗങ്ങളും പരിശോധനാ സംഘവുമായി സജീവമായി സഹകരിച്ചു. നിലവിലുള്ള സമ്പ്രദായങ്ങളെക്കുറിച്ച് പ്രതിഫലിപ്പിക്കാനും തുടർച്ചയായ മെച്ചപ്പെടുത്തലിനുള്ള മേഖലകൾ തിരിച്ചറിയാനും ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും മികവിനുമുള്ള സ്ഥാപനത്തിന്റെ പ്രതിബദ്ധത ശക്തിപ്പെടുത്താനും സന്ദർശനം അവസരം നൽകി.





# നഴ്സിംഗ് അധ്യാപകർക്കായുള്ള ഒ. എസ്. സി. ഇ പരിശീലനം

വിദ്യാർത്ഥികളുടെ ക്ലിനിക്കൽ മൂല്യനിർണ്ണയത്തിൽ അധ്യാപകരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനായി കെ. യു. എച്ച്. എസിന്റെ ആഭിമുഖ്യത്തിൽ നഴ്സിംഗ് അധ്യാപകർക്കായി ഒ. എസ്. സി. ഇ (ഒബ്ജക്ടീവ് സ്ട്രക്ചേർഡ് ക്ലിനിക്കൽ എക്സാമിനേഷൻ) പരിശീലന പരിപാടി നടത്തി. നിലവാരമുള്ളതും വസ്തുനിഷ്ഠവുമായ മൂല്യനിർണ്ണയ രീതികൾ ഉറപ്പാക്കുന്ന ഒ. എസ്. സി. ഇയുടെ തത്വങ്ങൾ, ഘടന, നടപ്പാക്കൽ എന്നിവയിൽ പരിശീലനം ശ്രദ്ധ കേന്ദ്രീകരിച്ചു. പരിപാടി വിവരദായകവും സമകാലിക നഴ്സിംഗ് വിദ്യാഭ്യാസ നിലവാരത്തിന് അനുസൃതമായി അവരുടെ മൂല്യനിർണ്ണയ കഴിവുകൾ ശക്തിപ്പെടുത്താൻ അധ്യാപകരെ സഹായിച്ചു.




# പ്രൊഫസർ. ഡോക്ടർ. രാജി രഘുനാഥ് പി. കെ ദാസ് നഴ്സിംഗ് കോളേജ് 14ാ-മത് ബി.എസ്.സി. നഴ്സിംഗ് ബാച്ച് ഉദ്ഘാടനം ചെയ്തു.

പി.കെ. ദാസ് കോളേജ് ഓഫ് നഴ്സിംഗ് 14-ാമത് ബി. എസ്. സി. നഴ്സിംഗ് ബാച്ച് ഉത്ഘാടനം കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് നഴ്സിംഗ് ഡീൻ പ്രൊഫ. ഡോ. രാജി രഘുനാഥ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളെയും അധ്യാപകരെയും അദ്ദേഹം അഭിസംബോധന ചെയ്ത് സംസാരിച്ചു.

ഇന്നത്തെ വികസിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യ സംരക്ഷണ മേഖലയിൽ നഴ്സുമാരുടെ സുപ്രധാന പങ്ക് ഉയർത്തുകാണിച്ചു കൊണ്ട് അദ്ദേഹം സംസാരിച്ചു. തങ്ങളുടെ പഠന യാത്രയിലും ഭാവിയിലെ ക്ലിനിക്കൽ പരിശീലനത്തിലും അനുകമ്പ, സമഗ്രത, മികവ് എന്നിവ ഉയർത്തിപ്പിടിക്കാൻ അദ്ദേഹം വിദ്യാർത്ഥികളെ ഓർമ്മിപ്പിച്ചു.

പരിപാടിയിൽ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, അതിഥികൾ എന്നിവർ പങ്കെടുത്തു, അവർ ഡോ. രാജി രഘുനാഥിന്റെ പ്രചോദനാത്മക സാന്നിധ്യത്തെ അഭിനന്ദിച്ചു. നന്ദി പ്രസംഗത്തോടെയും പുതിയ ബാച്ചിന് ശുഭപ്രതീക്ഷയോടെയുമാണ് ഉദ്ഘാടനം സമാപിച്ചത്.



# സംവാദ് മഞ്ചിക

"ആർത്താവവിരാമകാലഘട്ടം, ആർത്തവവിരമാനന്തരകാലഘട്ടം സ്ത്രീകളിലെ ആർത്തവവിരാമ ലക്ഷണങ്ങളെക്കുറിച്ചുള്ള അറിവ്, സമീപനങ്ങൾ, വ്യാപ്തി – ഒരു മിശ്രരീതിയിലുള്ള പഠനം" എന്ന വിഷയത്തിൽ ജേർണൽ ക്ലബ് അവതരണം 2025 നവംബർ 22ന് വൈകുന്നേരം 3:00 മണിക്ക് അമല കോളേജ് ഓഫ് നഴ്സിംഗിലെ അമല ബൊലേവാർഡിൽ സംഘടിപ്പിച്ചു.

സമൂഹാരോഗ്യ നഴ്സിംഗ് വിഭാഗത്തിലെ പ്രൊഫസർ ഡോ. സിസ്റ്റർ മെർലി ജോൺ ആണ് യോഗം അവതരിപ്പിച്ചത്. സ്ത്രീകളുടെ ആർത്തവവിരാമ അനുഭവങ്ങളെക്കുറിച്ച് ആഴത്തിലുള്ള അവലോകനം അവർ അവതരിപ്പിക്കുകയും, സ്ത്രീകളിലെ അവബോധം, സമീപനങ്ങൾ, ലക്ഷണങ്ങളുടെ വ്യാപ്തി എന്നിവയുമായി ബന്ധപ്പെട്ട പ്രധാന കണ്ടെത്തലുകൾ വിശദീകരിക്കുകയും ചെയ്തു. അവതരണം അർത്ഥവത്തായ അക്കാദമിക് ചർച്ചകൾക്ക് വഴിയൊരുക്കുകയും വിഷയത്തെക്കുറിച്ചുള്ള പങ്കെടുത്തവരുടെ അറിവ് വർധിപ്പിക്കുകയും ചെയ്തു.

എല്ലാ അധ്യാപകരും എം.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികളും സജീവമായി പങ്കെടുത്തതോടെ, സെഷൻ വിവരസമ്പന്നവും അക്കാദമിക് മൂല്യമുള്ളതുമായ അനുഭവമായി മാറി.




# YIP ജില്ലാതല മൂല്യനിർണ്ണായം നടത്തി അമല കോളേജ് ഓഫ് നഴ്സിംഗ് അധ്യാപകർ

YIP ജില്ലാതല മൂല്യനിർണ്ണയം നടത്തി അമല കോളേജ് ഓഫ് നഴ്സിങ്ങിലെ അദ്ധ്യാപകൻ ശ്രീ. ഡോൺ ജോസ്. കെ. അദ്ദേഹവും ശ്രീമതി. റിനു ഡേവിടും വിദ്യാർത്ഥി പദ്ധതികൾ വിലയിരുത്തുകയും മൂല്യവത്തായ പ്രതികരണം നൽകുകയും ചെയ്തു, നവീകരണത്തെയും കമ്മ്യൂണിറ്റി സംരംഭങ്ങളെയും പിന്തുണയ്ക്കുന്നതിനുള്ള കോളേജിന്റെ പ്രതിബദ്ധത പ്രദർശിപ്പിച്ചു കാണിക്കുന്ന ഒരു നേട്ടം ആയിരുന്നു ഇത്.




# ശിശു ആരോഗ്യ നഴ്സിംഗ് അധ്യാപക യോഗം സംഘടിപ്പിച്ചു

ശിശു ആരോഗ്യ നഴ്സിംഗ് വകുപ്പ് അധ്യാപക യോഗം നവംബർ 28 ന് മീറ്റിംഗ് ഹാളിൽ നടത്തി. അക്കാദമിക പുരോഗതി, ക്ലിനിക്കൽ പോസ്റ്റിംഗുകൾ, വിദ്യാർത്ഥികളുടെ പ്രകടനം എന്നിവ അവലോകനം ചെയ്തു. വരാനിരിക്കുന്ന മൂല്യനിർണ്ണയങ്ങൾ, , ഡിപ്പാർട്മെന്റ് തല പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികൾ ചർച്ച ചെയ്തു. അധ്യാപനവും ക്ലിനിക്കൽ പഠനവും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനമാർഗങ്ങൾ ചർച്ച ചെയ്തതിനു ശേഷം യോഗം സമാപിച്ചു.




# അഡൾട്ട് ഹെൽത്ത് നഴ്സിംഗ് വകുപ്പ് വിജയകരമായി യോഗം നടത്തി

അഡൾട്ട് ഹെൽത്ത് നഴ്സിംഗ് വകുപ്പിന്റെ അധ്യാപക യോഗം നവംബർ 7 ന് വകുപ്പ് മേധാവി സിസ്റ്റർ മോളി തോമസിന്റെ (സിസ്റ്റർ ഡോണ) നേതൃത്വത്തിൽ നടന്നു. നിലവിലുള്ള അക്കാദമിക് പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെ ക്ലിനിക്കൽ പ്രകടനം, വരാനിരിക്കുന്ന വകുപ്പുതല പദ്ധതികൾ എന്നിവ അവലോകനം ചെയ്യുന്നതിലാണ് സെഷൻ ശ്രദ്ധ കേന്ദ്രീകരിച്ചത്.

അദ്ധ്യാപനം, ക്ലിനിക്കൽ മേൽനോട്ടം, വിദ്യാർത്ഥികളുടെ വിലയിരുത്തൽ എന്നിവയിൽ ഉയർന്ന നിലവാരം പുലർത്തേണ്ടതിന്റെ പ്രാധാന്യം സിസ്റ്റർ മോളി തോമസ് സംസാരിച്ചു. അഡൾട് ഹെൽത്ത് നഴ്സിംഗ് കഴിവുകൾ ശക്തിപ്പെടുത്തുന്നതിനും ക്ലിനിക്കൽ അധ്യാപന രീതികൾ മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരമുള്ള നഴ്സിംഗ് വിദ്യാഭ്യാസവും മുതിർന്നവരുടെ ഫലപ്രദമായ പരിചരണവും ഉറപ്പാക്കുന്നതിന് സഹകരണപരമായ അദ്ധ്യാപനം, മെച്ചപ്പെട്ട വിദ്യാർത്ഥി പിന്തുണ, തുടർച്ചയായ തൊഴിൽ വികസനം എന്നിവയ്ക്കുള്ള പ്രതിബദ്ധതയോടെയാണ് യോഗം സമാപിച്ചത്.

# ജന്മദിന താരങ്ങൾ

## അധ്യാപകർ



മിസിസ്സ് . ഷീന ജോൺ
അസിസ്റ്റന്റ് പ്രൊഫസർ
മാനസിക ആരോഗ്യ നഴ്സിംഗ് വകുപ്പ്



ഡോ. ലിൻന്റാ വർഗീസ്
പ്രൊഫസർ
പ്രസവ സ്ത്രീരോഗ നഴ്സിംഗ് വകുപ്പ്

## വിദ്യാർത്ഥികൾ



ഹെലൻ സാബു



അനശ്വര എം. എസ്.



ആരോമൽ ടി. എസ്.



ജസ്റ്റീന യേശുദാസ്



യതിൻ വർഗീസ്



അർച്ചന വി. കെ.



അനീന പി എൽദോ



ഏയ്ഞ്ചലിന വി. ജെ.



അവിൻ രാജ



നിവേദ്യ എൻ.



അലീന റോസ്മിൻ



ജോവിറ്റ മനു.



ലീനമോൾ കെ. ടി.



ക്രിസ്റ്റിന സുനിൽ



അനീറ്റ പി. ജെ.



അൻസ ജിജോൺ



ജുവൽ അന്ന ഷാജി



റിൻഷാന പി. കെ.



മാനസ ഷിജു

| ശീർഷകം | രചയിതാക്കൾ | ജേർണൽ | പതിപ്പ് |
|---|---|---|---|
| സ്തനാർബുദ രോഗികളെ പരിചരിക്കുന്ന പരിചാരകരിലെ ബാധ്യതയും ജീവിത ഗുണനിലവാരവും തമ്മിലുള്ള ബന്ധം ,സ്തനാർബുദ രോഗികളെ പരിചരിക്കുന്ന പരിചാരകരുടെ ജീവിത ഗുണനിലവാരവുമായി ബന്ധപ്പെട്ട ഘടകങ്ങൾ – ഒരു അവലോകന പഠനം. | സിസ്റ്റർ. ഷാജി ഇ. ജെ.<br><br>പ്രൊഫസർ ഡോ. രാജി രഘുനാഥ്<br><br>സിസ്റ്റർ ഷാജി ഇ. ജെ. റോസാരിയോ ആന്റോ<br><br>അശ്വതി ഗോപി | ജേർണൽ ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസ് NU<br>ഇന്റർനാഷണൽ ജേർണൽ ഓഫ് സയൻസ് ആൻഡ് റിസർച്ച് | മേയ്, 2025<br>നവംബർ, 2025<br>വോള്യം: 14<br>ഇഷ്യു നമ്പർ: 11<br>കടടച: 23197064 |

# ഡിസംബർ മാസം വരാനിരിക്കുന്ന പരിപാടികൾ

ഡിസംബർ 1

**വേൾഡ് എയ്ഡ്സ് ദിനം**

ഡിസംബർ 3

ആഗോള ഭിന്നശേഷി ദിനം

ഡിസംബർ 10

**മനുഷ്യാവകാശ ദിനം**

ഡിസംബർ 20

**ക്രിസ്മസ് ദിനം**